6/01/22

16/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1324(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.11551/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 16**

ശ്രീ. എ.കെ. കരീം,
S/o ശ്രീ. ബഷീർ,
ആല്യാമാക്കാനകത്ത് ഹൗസ്,
പി.ഒ. പൊന്നാനി സൗത്ത്, മുക്കാടി,
മലപ്പുറം – 679 586.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   റവന്യു വിഭാഗം,
   നഗരസഭാ കാര്യാലയം, പൊന്നാനി.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഹെൽത്ത് വിഭാഗം,
   നഗരസഭാ കാര്യാലയം, പൊന്നാനി.
3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എഞ്ചിനീയറിംഗ് വിഭാഗം,
   നഗരസഭാ കാര്യാലയം, പൊന്നാനി.
4. അപ്പീൽ അധികാരി &
   സെക്രട്ടറി,
   നഗരസഭാ കാര്യാലയം, പൊന്നാനി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 24.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 31.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.11.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 14.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

ശ്രീ. എ.കെ. കരീം. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, പൊന്നാനി നഗരസഭയിൽ നിയമ വിരുദ്ധമായി പ്രവർത്തിച്ചു വന്നിരുന്ന മഹാമേള, ബിഗ് ബസാർ എന്ന സ്ഥാപനത്തിന് ആരോഗ്യ വിഭാഗത്തിൽ നിന്നും നിയമവിരുദ്ധമായി ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് 24.6.2021–ന് പൊന്നാനി നഗരസഭയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 14 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 1, 3, 7, 11, 12, 13 എന്നീ ഇനങ്ങൾക്ക് ആരോഗ്യ വിഭാഗം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകണമെന്ന 31.8.2021–ലെ അപ്പീൽ അധികാരിയുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെന്നും ആയതിനാൽ ടി വിവരങ്ങൾ ലഭ്യമാക്കുന്നതിന് കമ്മീഷൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. 24.6..2021–ന് സമർപ്പിച്ച അപേക്ഷയിലെ 1, 3, 7, 11, 12, 13 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

പൊന്നാനി നഗരസഭയിലെ കുറ്റിക്കാട് എന്ന പ്രദേശത്ത് സുമാർ 4 വർഷത്തോളമായി മഹാമേള എന്ന സ്ഥാപനം 25.2.2021 വരെയും ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടയ്ക്കാതെയും പ്രവർത്തിച്ചുവെന്നും, ടി സ്ഥാപനം ആരുടെ അനുമതിയോടു കൂടിയാണ് പ്രവർത്തിച്ചതെന്നും താത്ക്കാലിക ഷെഡിൽ ബിസിനസ് നടത്താമെന്ന ഉത്തരവ് നിലവിലുണ്ടെങ്കിൽ പകർപ്പ് നൽകണമെന്നും, ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിന് ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെന്നും, 25.2.2021–ന് ശേഷം ലൈസൻസ് നൽകാതിരുന്നത് ആരുടെ പരാതി പ്രകാരമാണെന്നും, ടി സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ആരാണ് ശ്രദ്ധയിൽപ്പെടുത്തിയത് തുടങ്ങിയ വിവരങ്ങളാണ്.

3. മേൽപ്പടി 7–ാം ഇനത്തിന് റവന്യൂ വകുപ്പിൽ നിന്നും മറുപടി നൽകേണ്ടതാണെന്നും മറ്റ് ഇനങ്ങൾക്ക് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 9.8.2021–ന് സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 31.8.2021–ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3, 7, 11, 12, 13 എന്നീ ചോദ്യങ്ങൾക്ക് രണ്ടാം എതിർകക്ഷിയും 6–ാം നമ്പർ ചോദ്യത്തിന് 3–ാം എതിർകക്ഷിയും 3.9.2021–ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. കമ്മീഷൻ മുമ്പാകെ 1-ാം എതിർകക്ഷിയായ അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 24.6.2021 ന് സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് 13.7.2021 –ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് 9.8.2021–ലെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് 31.8.2021–ന് അപ്പീൽ തീർപ്പാക്കി മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 1, 3, 7, 11, 12, 13 എന്നീ ഇനങ്ങൾക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. എന്നാൽ ടി ഇനങ്ങളിൽ 1, 3, 7, 12, 13 എന്നീ ഇനങ്ങൾക്ക് ഒന്നാം അപ്പീൽ തീർപ്പിനുശേഷം 3.9.2021–ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണ്. 11–ാം ഇനം പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ അഭിപ്രായം തേടിയുള്ള ചോദ്യമായതിനാൽ ടി ഇനത്തിന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അപാകതയുള്ളതായും കാണുന്നില്ല ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ മിക്ക ഇനങ്ങളും സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖയുടെ വിശദീകരണം, വ്യാഖ്യാനം സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ തുടങ്ങിയ ഗണത്തിൽപ്പെടുന്നതായതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് തുടർ നടപടി ആവശ്യമില്ലെന്ന് വിലയിരുത്തി, അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk